ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 21.09.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് വൈകുന്നേരം രാഷ്ട്രത്തെ അഭിസംബോധന ചെയ്യും.

**Prime Minister Narendra Modi will address the nation this evening.**

2. പ്രധാനമന്ത്രി നാളെ അരുണാചൽ പ്രദേശും ത്രിപുരയും സന്ദർശിക്കും; 5100 കോടി രൂപയുടെ വിവിധ വികസന പദ്ധതികൾക്ക് തുടക്കം കുറിക്കും.

**The Prime Minister will visit Arunachal Pradesh and Tripura tomorrow; PM will launch various development projects worth Rs 5100 crore.**

3. ചരക്ക് സേവന നികുതി നിരക്കുകളിൽ കേന്ദ്രസർക്കാർ ഏർപ്പെടുത്തിയ പരിഷ്കാരങ്ങൾ നാളെ മുതൽ പ്രാബല്യത്തിൽ.

**The reforms introduced by the central government in the Goods and Services Tax rates will come into effect from tomorrow.**

4. ശ്രീനാരായണ ഗുരുവിൻ്റെ 98-ാം സമാധി ഇന്ന്; മനുഷ്യരെ ഒന്നിപ്പിക്കാനായി ഗുരു നടത്തിയ പ്രയത്നങ്ങൾ കൂടുതൽ കരുത്തോടെ തുടരണമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ.

**Sree Narayana Guru's 98th Samadhi today; CM Pinarayi Vijayan says that the efforts made by the Guru to unite humanity should continue with greater strength.**

5. മറവിരോഗത്തെപ്പറ്റി ചോദ്യങ്ങൾ ഉന്നയിക്കൂ എന്ന പ്രമേയവുമായി ഇന്ന് ലോക അൽഷിമേഴ്സ് ദിനം.

**Today is World Alzheimer's Day with the theme of "Ask about Dementia. Ask about Alzheimer's"**

6. ഏഷ്യാ കപ്പ് ക്രിക്കറ്റ് സൂപ്പർ ഫോർ മത്സരത്തിൽ ഇന്ന് ഇന്ത്യ - പാക് പോരാട്ടം.

**India will face Pakistan in the Asia Cup Cricket Super Four match today.**

&&&&&&&&&&&&&&&&&

**HEADLINE-1**

**PM-ADDRESSES**

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് രാഷ്ട്രത്തെ അഭിസംബോധന ചെയ്യും. വൈകിട്ട് 5 മണിക്കാണ് അഭിസംബോധന.

&&&&&&&&&&&&&&&&&

**HEADLINE-2**

## PM-AP,THRIPURA VISIT

പ്രധാനമന്ത്രി നരേന്ദ്ര മോദി നാളെ അരുണാചൽ പ്രദേശും ത്രിപുരയും സന്ദർശിക്കും. സന്ദർശന വേളയിൽ, 5100 കോടി രൂപയിലധികം വരുന്ന ഒന്നിലധികം വികസന പദ്ധതികൾ ശ്രീ മോദി ഉദ്ഘാടനം ചെയ്യും. അരുണാചൽ പ്രദേശിൽ, മൂവായിരത്തി 700 കോടി രൂപയിലധികം വിലമതിക്കുന്ന രണ്ട് പ്രധാന ജലവൈദ്യുത പദ്ധതികൾക്ക് അദ്ദേഹം തറക്കല്ലിടും. തവാങ്ങിൽ ഒരു അത്യാധുനിക കൺവെൻഷൻ സെന്ററിന്റെ ശിലാസ്ഥാപനവും ശ്രീ. മോദി നിർവഹിക്കും. വിവിധ മേഖലകളിൽ ഒന്നിലധികം അടിസ്ഥാന സൗകര്യ പദ്ധതികളും പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും. കൂടാതെ ഇറ്റാനഗറിൽ ഒരു പൊതുസമ്മേളനത്തെ അഭിസംബോധന ചെയ്യുകയും പ്രാദേശിക നികുതിദായകരുമായും വ്യാപാരികളുമായും വ്യവസായ പ്രതിനിധികളുമായും സംവദിക്കുകയും ചെയ്യും. ത്രിപുരയിൽ, മാതാ ത്രിപുര സുന്ദരി ക്ഷേത്ര സമുച്ചയത്തിന്റെ വികസന പ്രവർത്തനങ്ങൾ പ്രധാനമന്ത്രി ഉദ്ഘാടനം ചെയ്യും.

&&&&&&&&&&&&&&&&&&

**REV RAJNATH-MOROCCO**

ഔദ്യോഗിക സന്ദർശനത്തിനായി രാജ്യരക്ഷാമന്ത്രി രാജ്നാഥ് സിംഗ് മൊറോക്കോയിലേക്ക് തിരിച്ചു. ഇന്ത്യയും മൊറോക്കോയും തമ്മിലുള്ള തന്ത്രപരമായ ബന്ധം ഊട്ടിയുറപ്പിക്കുന്നതാണ് സന്ദർശനം. ഉത്തരാഫ്രിക്കൻ രാഷ്ട്രത്തിലേക്കുള്ള രാജ്യരക്ഷാ മന്ത്രിയുടെ ആദ്യ സന്ദർശനമാണിത്. പ്രതിരോധ, തന്ത്രപരമായ, വ്യവസായ സഹകരണം ശക്തിപ്പെടുത്തുന്നതിനായി മൊറോക്കൻ പ്രതിരോധ മന്ത്രിയുമായും വ്യവസായ മന്ത്രിയുമായും, ഉഭയകക്ഷി ചർച്ച നടത്തും. റാബത്തിലെ ഇന്ത്യൻ സമൂഹവുമായും അദ്ദേഹം സംവദിക്കും.

&&&&&&&&&&&&&&&&&&

**SEVA PURV (INTRO)**

***പൊതുസേവനവും സദ്ഭരണവും മുഖമുദ്രയാക്കി കേന്ദ്ര സർക്കാർ കഴിഞ്ഞ 11 വർഷത്തിനിടെ നടപ്പാക്കിയ പ്രവർത്തനങ്ങളിൽ, സുരക്ഷിത ഡിജിറ്റൽ പണമിടപാടുകൾ യാഥാർഥ്യമാക്കിയ UPI വിപ്ലവത്തെ കുറിച്ചാണ് പ്രത്യേക പരമ്പരയായ 'സേവ പർവിൽ' ഇന്ന്. ( വോയിസ്....)***

*VO)*

*2016 ൽ നാഷണൽ പേയ്മെന്റ് കോർപ്പറേഷൻ അവതരിപ്പിച്ച യൂണിഫൈഡ് പേയ്മെന്റ് ഇന്റർഫേസ് (UPI) രാജ്യത്തെ പണമിടപാട് സംവിധാനങ്ങളിൽ വിപ്ലവകരമായ മാറ്റങ്ങൾക്കാണ് വഴി തുറന്നത്. വിവിധ ബാങ്ക് അക്കൗണ്ടുകളെ ഒരൊറ്റ മൊബൈൽ ആപ്ലിക്കേഷനിലേക്ക് സംയോജിപ്പിക്കാനും എണ്ണമറ്റ പണമിടപാടുകൾ, വാണിജ്യ വിനിമയങ്ങൾ എന്നിവ സാധ്യമാക്കാനും ഇതിലൂടെ സാധിച്ചു.ഇത്തവണത്തെ സ്വാതന്ത്ര്യ ദിന പ്രസംഗത്തിൽ പ്രധനമന്ത്രി നരേന്ദ്രമോദി UPI യുടെ കരുതിനെപ്പറ്റി പ്രത്യേകം പരാമർശിക്കുകയുണ്ടായി*

*(മോഡി വോയ്സ്)*

*2025 ഓഗസ്റ്റിൽ മാത്രം 20 ബില്യൺ ഇടപാടുകളാണ് ഇതിലൂടെ നടന്നത്.നിലവിൽ യുഎഇ.സിംഗപ്പൂർ,നേപ്പാൾ, ശ്രീലങ്ക ,ഫ്രാൻസ് അടക്കമുള്ള രാജ്യങ്ങളിലും UPI പ്രവർത്തനം ലഭ്യമാണ്.രാജ്യത്ത് സാമ്പത്തിക ഉൾച്ചേർക്കൽ സാക്ഷാത്കരിക്കാനും,കറന്സിരഹിത സമ്പത് വ്യവസ്ഥ എന്ന ലക്ഷ്യത്തിലേക്ക് ഉള്ള യാത്രക്ക് ആക്കം കൂട്ടാനും UPI പ്രധാന പങ്കാണ് വഹിച്ചത്.*

*ന്യൂസ് ഡെസ്ക് ആകാശവാണി.*

&&&&&&&&&&&&&&&&&

**HEADLINE-3**

**GST REFORMS-AUTOMOBILE**

ചരക്ക് സേവന നികുതി നിരക്കുകളിലെ പുതിയ പരിഷ്കാരങ്ങൾ നാളെ മുതൽ പ്രാബല്യത്തിൽ വരും. പുതിയ പരിഷ്കാരങ്ങൾ ഓട്ടോമൊബൈൽ മേഖലയിൽ വലിയ സ്വാധീനമാണ് ചെലുത്തുക. പുതിയ പരിഷ്കാരങ്ങളിലൂടെ വാഹനങ്ങൾക്ക് ഗണ്യമായ നികുതി ഇളവ് നൽകും. പുതുക്കിയ നിരക്ക് പ്രകാരം ഇരുചക്ര വാഹനങ്ങൾക്കും ചെറുകാറുകൾക്കുമുള്ള നികുതി 28 ൽ നിന്ന് 18 ശതമാനമായി കുറഞ്ഞു. വലിയ കാറുകൾക്ക് 40 ശതമാനം നികുതി ചുമത്തും. ഇതിന് പുറമെ വാഹനങ്ങളുടെ സെസും ഒഴിവാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

## GST

വ്യാപാരികളും സേവനദാതാക്കളും പുതുക്കിയ നികുതി നിരക്കനുസരിച്ചുള്ള ടാക്സ് ഇൻവോയ്സുകൾ നല്കുന്നതിനാവശ്യമായ മാറ്റങ്ങൾ ബില്ലിംഗ് സോഫ്റ്റ്‌വെയറിൽ വരുത്തേണ്ടതാണ്. സിഗരറ്റ്, ബീഡി, ഗുഡ്ക, പാൻമസാല തുടങ്ങിയ ഉത്പന്നങ്ങളുടെ നികുതി നിരക്ക് 40% ലേക്ക് ഉയർത്തുവാൻ കൗൺസിൽ തീരുമാനം എടുത്തുവെങ്കിലും പ്രസ്തുത മാറ്റം നാളെ മുതൽ പ്രാബല്യത്തിൽ വരില്ല. ഇത് പിന്നീട് വിജ്ഞാപനം ചെയ്യും.

&&&&&&&&&&&&&&&&&&

## GOYAL-US

കേന്ദ്ര മന്ത്രി പീയൂഷ് ഗോയൽ പ്രതിനിധി സംഘത്തോടൊപ്പം നാളെ അമേരിക്ക സന്ദർശിക്കും. വ്യാപാര കരാർ സംബന്ധിച്ച ആദ്യ ഘട്ട ചർച്ചകൾക്കായിട്ടാണ് സന്ദർശനമെന്നു വാണിജ്യ വ്യവസായ മന്ത്രാലയം പ്രസ്താവനയിൽ പറഞ്ഞു. ഈമാസം 16 ന് യു എസ്സ് വ്യാപാര പ്രതിനിധി സംഘം ഇന്ത്യയിലെത്തുകയും വ്യാപാര കരാറുമായി ബന്ധപ്പെട്ട ചർച്ചകൾ നടത്തിയതായും മന്ത്രാലയം വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്..

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

## MOS-GEORGE KURIEN

വികസിത ഭാരതമെന്ന ലക്ഷ്യം കൈവരിക്കുന്നതോടെ സമഗ്ര മേഖലയിലും ഇന്ത്യ ലോകത്തിന്റെ നെറുകയിലെത്തുമെന്ന് കേന്ദ്ര സഹ മന്ത്രി ജോർജ് കുര്യൻ. തിരുവനന്തപുരത്ത് കാര്യവട്ടം L N C P യിൽ സൻസദ് ഖേൽ

മഹോത്സവം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. കായികരംഗത്ത് രാജ്യം മുന്നേറുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

&&&&&&&&&&&&&&&&&&

## HEADLINE-4

**SREENARAYANA GURU**

ശ്രീനാരായണ ഗുരുവിന്റെ 98-ാം സമാധിദിനാചരണം ഇന്ന്. ദിനാചരണത്തോടനുബന്ധിച്ച് വർക്കല ശിവഗിരി മഹാസമാധിയിലും ചെമ്പഴന്തി ഗുരുകുലത്തിലും അരുവിപ്പുറത്തും വിവിധ പരിപാടികൾ പുരോഗമിക്കുന്നു. സമാധി ദിനത്തിൽ, ശ്രീനാരായണഗുരുവിന് ഗവർണർ രാജേന്ദ്ര വിശ്വനാഥ അർലേക്കർ, മുഖ്യമന്ത്രി പിണറായി വിജയൻ തുടങ്ങിയവർ ശ്രദ്ധാഞ്ജലി അർപ്പിച്ചു. മനുഷ്യരെ ഒന്നിപ്പിക്കാനായി ഗുരു നടത്തിയ പ്രയത്നങ്ങൾ കൂടുതൽ കരുത്തോടെ തുടരണമെന്ന് മുഖ്യമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**MOHAN LAL (INTRO)**

*ദാദാസാഹിബ് ഫാൽക്കെ പുരസ്കാര നേട്ടം മലയാള സിനിമയ്ക്ക് സമർപ്പിക്കുന്നതായി നടൻ മോഹൻലാൽ. പുരസ്കാര നേട്ടത്തിൽ കേന്ദ്രസർക്കാരിനും ജൂറിക്കും എല്ലാ സഹപ്രവർത്തകർക്കും വാർത്താസമ്മേളനത്തിൽ അദ്ദേഹം നന്ദി അറിയിച്ചു.*

*(ഹോൾഡ് വോയ്സ്)*

*സിനിമാ മേഖലയ്ക്ക് നൽകിയ സമഗ്ര സംഭാവനകൾ മുൻനിർത്തിയാണ് 2023 ലെ ഫാൽക്കെ പുരസ്കാരത്തിനായി മോഹൻലാലിനെ തെരഞ്ഞെടുത്തത്. മറ്റന്നാൾ നടക്കുന്ന 71-ാമത് ദേശീയ ചലച്ചിത്ര അവാർഡ് ദാന ചടങ്ങിൽ പുരസ്കാരം സമ്മാനിക്കും.*

&&&&&&&&&&&&&&&&&&

## HEADLINE-5

## ALZHEIMERS DAY

ഇന്ന് ലോക അൽഷിമേഴ്സ് ദിനം. കേരളത്തിൽ ഏകദേശം 2.20 ലക്ഷം പേർ അൽഷിമേഴ്സ് ബാധിച്ച് ചികിത്സയിൽ ഉണ്ടെന്നാണ് റിപ്പോർട്ട്. ദിനാചരണത്തോടുബന്ധിച്ച് അൽഷിമേഴ്സ് ആൻഡ് റിലേറ്റഡ് ഡിസോർഡേഴ്സ് സൊസൈറ്റി ഓഫ് ഇന്ത്യ, തിരുവനന്തപുരത്തെ കവടിയാർ സ്ക്വയറിൽ സംഘടിപ്പിച്ച "മെമ്മറി വാക്ക്" ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ ഫ്ലാഗ് ഓഫ് ചെയ്തു. മറവിരോഗത്തെക്കുറിച്ച് അവബോധം വളർത്തുന്നതിനും കൃത്യമായ ചികിത്സ ഉറപ്പാക്കുന്നതിന്റെയും ആഗോള ശ്രമത്തിന്റെ ഭാഗമായാണ് എല്ലാ വർഷവും സെപ്റ്റംബർ 21 ന് ലോക അൽഷിമേഴ്സ് ദിനമായി ആചരിക്കുന്നത്. മറവിരോഗത്തെപ്പറ്റി ചോദ്യങ്ങൾ ഉന്നയിക്കൂ എന്നതാണ് ഇത്തവണത്തെ പ്രമേയം.

&&&&&&&&&&&&&&&&&

## INTERNATIONAL DAY OF PEACE

ഇന്ന് ലോക സമാധാന ദിനം. 1981-ൽ ഐക്യരാഷ്ട്രസഭയുടെ പൊതുസഭയാണ് സെപ്റ്റംബർ 21 ലോക സമാധാന ദിനമായി പ്രഖ്യാപിച്ചത്. സമാധാനപരമായ ലോകത്തിനായി ഇപ്പോൾ പ്രവർത്തിക്കുക എന്നതാണ് ഈ വർഷത്തെ സന്ദേശം.

&&&&&&&&&&&&&&&&&

## HEADLINE-6

## ASIA CUP CRICKET

ഏഷ്യാ കപ്പ് ടി-20 ക്രിക്കറ്റിലെ സൂപ്പർ ഫോർ മത്സരത്തിൽ ഇന്ത്യ ഇന്ന് പാകിസ്ഥാനെ നേരിടും. ദുബായിൽ അന്താരാഷ്ട്ര സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് മത്സരം. പ്രാഥമിക റൗണ്ടിൽ ഇരുടീമുകളും ഏറ്റുമുട്ടിയപ്പോൾ ഇന്ത്യക്കായിരുന്നു വിജയം. സൂപ്പർ ഫോർ ഘട്ടത്തിലെ ആദ്യ മത്സരത്തിൽ ഇന്നലെ ബംഗ്ലാദേശ് ശ്രീലങ്കയെ നാല് വിക്കറ്റിന് പരാജയപ്പെടുത്തി.

&&&&&&&&&&&&&&&&&

## H-1B visa - us

പുതിയ H-1B വീസ നയത്തിൽ വിശദീകരണവുമായി യുഎസ് ഭരണകൂടം. ഒരു ലക്ഷം ഡോളർ ഫീ ഒരിക്കൽ മാത്രം നൽകിയാൽ മതിയാകുമെന്നും,പുതിയ അപേക്ഷകർക്ക് മാത്രമാണ് ഇത് ബാധകമെന്നും വൈറ്റ് ഹൌസ് പ്രസ് സെക്രട്ടറി വ്യക്തമാക്കി.നിലവിൽ H-1B വീസ ഉള്ളവർ,രാജ്യത്തിന് പുറത്തുള്ളവർ എന്നിവർക്ക് ഇത് ബാധകമല്ലെന്നും അവർ സമൂഹമാധ്യമത്തിൽ കുറിച്ചു.ഇന്ന് മുതലാണ് പുതുക്കിയ നയം പ്രാബല്യത്തിൽ വരിക .

&&&&&&&&&&&&&&&&&&

## MEA-US H1B VISA

H1-B വിസയ്ക്ക് ഒരു ലക്ഷം ഡോളർ ഫീസ് ഏർപ്പെടുത്തിയ അമേരിക്കയുടെ തീരുമാനത്തിന്റെ പ്രത്യാഘാതങ്ങൾ പരിശോധിക്കുകയാണെന്ന് ഇന്ത്യ. അതേസമയം, അടുത്ത 24 മണിക്കൂറിനുള്ളിൽ യുഎസിലേക്ക് മടങ്ങുന്ന ഇന്ത്യൻ പൗരന്മാർക്ക് സാധ്യമായ എല്ലാ സഹായവും നൽകണമെന്ന് കേന്ദ്ര സർക്കാർ നിർദ്ദേശം നൽകി.

&&&&&&&&&&&&&&&&&&

## US CHAMBER-H1B VISA

H-1B വീസ അപേക്ഷ ഫീസ് കൂട്ടിയ US പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ നടപടിയിൽ ആശങ്ക അറിയിച്ചു യുഎസ് ചേംബർ ഓഫ് കൊമേഴ്സ്. പുതിയ ചട്ടങ്ങൾ ജീവനക്കാർ, അവരുടെ കുടുംബാംഗങ്ങൾ ,തൊഴിൽ ദാതാക്കൾ എന്നിവർക്ക് മേൽ ഏൽപ്പിക്കാനിടയുള്ള ആഘാതത്തിൽ ആശങ്കയുള്ളതായി ഡിപ്പാർട്ട്മെന്റ്, പ്രസ്താവനയിൽ അറിയിച്ചു.

&&&&&&&&&&&&&&&&

&&&&&&&&&&&&&

&&&&&&&&&

&&&&&&&

&&&&&&